I ഇ.ബി. XV - കേരള നിയമസഭ/V-11

# പതിനഞ്ചാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2022 ജൂലൈ 15, വെള്ളി

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹ്യ അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

(ശ്രീമതി കെ. കെ. രമയെക്കുറിച്ച് ശ്രീ. എം. എം. മണി 14-07-2022-ന് സഭയിൽ നടത്തിയ പരാമർശം പിൻവലിച്ച് മാപ്പുപറയണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ഡയസിനുമുന്നിൽ വന്നുനിന്ന് ബാനറും പ്ലക്കാർഡുകളുമുയർത്തി മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ

ചോദ്യോത്തരവേളയുടെ തുടർന്നുള്ള ഭാഗവും ശൂന്യവേളയും റദ്ദ് ചെയ്യുകയും കാര്യവിവരപ്പട്ടികയിലെ അടുത്ത ഇനത്തിലേയ്ക്ക് കടക്കുകയും ചെയ്തു.)

## I. റിപ്പോർട്ടുകളുടെ സമർപ്പണം

(1) സബ്ജക്ട് കമ്മിറ്റി III-ന്റെ 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2021-2022 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമർപ്പിച്ചു.

(2) സബ്ജക്ട് കമ്മിറ്റി VII-ന്റെ 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2021-2022 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമർപ്പിച്ചു.

(3) മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതിയുടെ അഞ്ചും ആറും റിപ്പോർട്ടുകൾ സമർപ്പിച്ചു.

(4) പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ അഞ്ചും ആറും റിപ്പോർട്ടുകൾ സമർപ്പിച്ചു.

കാര്യവിവരപ്പട്ടികയിലെ തുടർന്നുള്ള ഇനങ്ങൾ റദ്ദ് ചെയ്തു.

(സഭ രാവിലെ 9.12-ന് പിരിഞ്ഞു.)

************